പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *5</u> <u>28.10.2019 ൽ മറുപടിക്ക്</u>

## <u>തിരുവനന്തപുരം - കാസർകോട് സെമി ഹൈസ്പീഡ് റെയിൽ പാത</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം-കാസർകോട് സെമി ഹൈസ്പീഡ് റെയിൽ പാതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായിട്ടുള്ള പുതിയ രണ്ട് പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത് ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ പാതയുടെ അലൈൻമെന്റും പാത കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളെക്കുറിച്ചും വിശദമാക്കാമോ; | (ബി) 222 കി.മീ ദൈർഘ്യമുള്ള കാസർഗോഡ് മുതൽ തിരൂർ വരെയുള്ള പാത നിലവിലുള്ള റെയിൽ പാതയ്ക്കു സമാന്തരമായും, നിലവിലുള്ള റെയിൽവേ ലൈനുകളുടെ സാങ്കേതിക തടസ്സം / കുറഞ്ഞ ആരത്തോടുകൂടിയുള്ള വളവുകൾ കാരണം തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള 310 കി.മീ പാത നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കുവാൻ സാധ്യതയില്ലാത്തതിനാൽ നിർമ്മാണയോഗ്യവും ജനവാസം കുറഞ്ഞതുമായ മേഖലകളിലൂടെ ആയിരിക്കും കടന്നുപോകുന്നത്. പാത ഏകദേശം 11 ജില്ലകളിലൂടെ കടന്നു പോകുന്നു. ഈ പാത കടന്നു പോകുന്ന പ്രധാന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു<br>കൊച്ചു വേളി - കല്ലമ്പലം - മുഖത്തല - കൊല്ലം - ഭരണിക്കാവ് - ചെങ്ങന്നൂർ - കോട്ടയം - ഏറ്റുമാനൂർ |

എറണാകുളം - കൊച്ചി വിമാനത്താവളം - തൃശ്ശൂർ ചങ്ങരമംഗലം - തിരുനാവായ - തിരൂർ - താനൂർ - പരപ്പനങ്ങാടി - കോഴിക്കോട് - കൊയിലാണ്ടി തലശ്ശേരി - കണ്ണൂർ - കണ്ണപുരം - ചെറുവത്തൂർ കാഞ്ഞങ്ങാട് - ബേക്കൽ - കാസർഗോഡ്.

(സി) പാത കടന്നുപോകുന്ന സ്ഥലങ്ങളുടെ അടയാളപ്പെടുത്തലുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇല്ല.

(ഡി) ഈ പാതയുടെ നിർമ്മാണത്തിന്റെ മേൽനോട്ടവും ചുമതലയും ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പാതയുടെ മൊത്തം ചെലവ് എത്രയെന്നും അറിയിക്കാമോ;

(ഡി) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനിയാണ് പാതയുടെ മേൽ നോട്ടവും ചുമതലയും വഹിക്കുന്നത്. സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം 66,405 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) ഈ പദ്ധതിക്കുള്ള ധനസമാഹരണം ഏത് രീതിയിൽ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

(ഇ) പദ്ധതിയുടെ ധന ശേഖരണ രൂപം ചുവടെ വിവരിക്കുന്നു.

| Parties | % contribution | Amount |
|---|---|---|
| Equity | | |
| • GoK | 12% | 7,720 Cr |
| • Land EIA & R&R (GoK) | 13% | 8,656 Cr |
| • GoI | 12% | 7,720 Cr |
| Subordinated Debt | | |
| • GoK | 5% | 3,564 Cr |
| • GoI | 5% | 3,564 Cr |
| Debt | | |
| • JICA or other agency | 52% | 34,454 Cr |
| • IDC | 1% | 727 Cr |
| Total | 100% | 66,405 Cr |

സെക്ഷൻ ഓഫീസർ